# ACADEMIC VISION

## 2025 – 2026

# VPS MALANKARA HSS VENGANOOR

## Master Plan

# ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- മികവാർന്ന പ്രവർത്തന കലണ്ടർ
- ഉപസംഹാരം

# <u>ആമുഖം</u>

## <u>വിജ്ഞാനമേകിയ വി . പി . എസ്</u>

വി . പി . എസ് മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ അറിവിന്റെ വിജയ യാത്ര തുടങ്ങുന്നത് ഏകദേശം ഒരു നുറ്റാണ്ട് മുൻപ് കേരളത്തിന്റെ തനതായ മധ്യകാലഘട്ടത്തിലായിരുന്നു. തിരുവനന്ത പുരമെന്ന തലസ്ഥാന നഗരിയിൽ നിന്നും എകദേശം 15 കി .മീറ്റർ തെക്ക് - പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്ന ഹരിതാഭവും അതിമനോഹ രവും വൈവിധ്യമാർന്നതുമായ ഒരു ഗ്രാമമാണ് ചരിത്ര പ്രസിദ്ധമായ വെങ്ങാനൂർ . ശ്രീ. മഹാത്മാ അയ്യൻകാളിയും ക്യാപ്റ്റൻ. ജെറി പ്രേംരാജും ജനിച്ചു വളർന്നതും ഗാന്ധിജിയുടെ പാദസ്പർശത്താൽ അനുഗ്രഹീതവുമായ ഒരു ദേശമാണിത്. വെങ്ങാനൂരിലെ ജനങ്ങളെ അക്ഷരങ്ങലൂടെ ദേശ സ്നേഹത്തിന്റെ അറിവില്ലെക്ക് നയിച്ച വി. പി. എസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ എന്നറിയപ്പെട്ടിരുന്ന നമ്മുടെ വിദ്യാലയ മുത്തശ്ശി സേവനത്തിന്റെ ഒരു നൂറ്റാണ്ട് പിന്നിട്ട് ഇന്ന് കാണുന്ന വി. പി. എസ്. മലങ്കര ഹയർ സെക്കന്ററി വിദ്യാലയമായി വെങ്ങാനൂരിന്റെ മണ്ണിൽ തിളങ്ങി നിൽക്കുന്നു.

വെങ്ങാനൂരിലേയും അതിന്റെ സമീപപ്രദേശങ്ങളിലേയും സാധാരണ കൂടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപന മാണിത്. ഈ കുട്ടികൾക്ക് ഗുണമേൻമയുള്ള ശരിയായ മൂല്യബോധ ത്തിലും അച്ചടക്കത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുക എന്നതാണ് നമ്മൾ ഏറ്റെടുത്തിരിക്കുന്ന നിയോഗം. അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് ആനയിക്കുവാനും മനസ്സിനും

ഹൃദയത്തിനും ശരിയായവികാസം നേടിയ ഉത്തമ പൗരന്മാർ ആക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജാതി - മത വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി പ്രബുദ്ധമായ ഒരു മാനവികതയുടെ രൂപീകരണമാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യ പ്രാപ്തി ക്ക് സഹായകമായ ധാരാളം ഘടകങ്ങൾ ഒത്തുചേരുന്ന ഒരു ഇടം ആണ് നമ്മുടെ ഈ വിദ്യാലയ അങ്കണം. സമഗ്രമായ ഈ വിദ്യാഭ്യാസ ദർശനം യാഥ്യാർഥ്യമാക്കുവാൻ സന്നദ്ധമായ മാനേജ്മെന്റ്, സവിശേഷമായ സമർപ്പണ ബോധമുള്ള ഒരു അധ്യാപക സമൂഹം, കലവറയില്ലാത്ത സഹകരണം ഉറപ്പാക്കുന്ന രക്ഷാകർത്ത്യസമൂഹം എല്ലാ സദ്പ്രവർത്തികളെയും ഔദാര്യ പൂർവ്വം പിന്തുണക്കുന്ന ദേശവാസികൾ എന്നിവ അവയിൽ പ്രധാനമായവയാണ്. സംസ്കാര സമ്പന്നമായ ചരിത്രമുറങ്ങുന്ന ഒരു നാടിന്റെ ഹൃദയത്തിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത് എന്നത് നമ്മുടെ സ്കൂളിന്റെ പ്രത്യേകതയാണ്.

നവമായ ലക്ഷ്യബോധത്തോടും ഐക്യനുഭവത്തോടും സമർപ്പണ മനോഭാവത്തോടും വി.പി.എസ്. മലങ്കര ഹയർ സെക്കന്ററി സ്കൂളിന്റെ 2025 - 26 അക്കാദമിക മികവ് തുടങ്ങുന്നു......

# വിജ്ഞാനമേകിയ വി . പി . എസ്

- 2025 - 26 അധ്യയനവർഷ ആരംഭത്തിൽ അധ്യാപകർക്ക് ലഭിച്ച മികവാർന്ന ക്ലസ്റ്റർ ക്ലാസുകൾ  പുതുമയുള്ള വിദ്യാഭ്യാസ  ലക്ഷ്യങ്ങൾ പങ്കുവച്ചു.

- KCF (Kerala Circulatin Formation) ന്റെ  പൊതുലക്ഷ്യങ്ങളിലേക്ക് ഓരോ വിദ്യാർത്ഥി കളെയും എത്തിക്കുക എനതാണ് ഓരോ  അധ്യാപകന്റെയും കടമ.

- ഈ ലക്ഷ്യങ്ങൾ മുൻനിർത്തി വി പി എസ് മലങ്കര ഹയർ സെക്കൻഡറി സ്കൂളിന്റെ 2025 - 26 അധ്യയന പഠ്യപദ്ധതി രൂപം കൊണ്ടു.

- ഓരോ വിദ്യാർത്ഥികളെയും  മാതൃഭാഷ പ്രവീണ്യത്തിലെത്തിക്കുക.

- ഇതിനായി 'Helping Hand' (കൈത്താങ്ങ്) എന്ന പദ്ധതിയിൽ മലയാളം, ഇംഗ്ലീഷ് , ഗണിതം  , ഹിന്ദി , വിഷയങ്ങൾക്ക് പ്രാധാന്യം നൽകി .

- വായനാകുറിപ്പ് തയ്യാറാക്കുന്നതിൽ മികവ് പുലർത്തുക മികവാർന്നവ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് അവസരം.

- ദൈനംദിന സംഭവങ്ങൾ വൈകാരികമായി രേഖപ്പെടുത്തുന്നതിൽ (Diary Making) മികവ് പുലർത്തുക .

- സ്ഫുടതയോടും ആശയ വ്യക്തതയോടും സംഭാഷണങ്ങളിൽ ഏർപ്പെടുക.

- ഭാഷാ സ്നേഹവും ഭാഷാ ജ്ഞാനവും UP ക്ലാസ്സുകളിൽ തന്നെ ഉറപ്പിക്കുക.

- ഇംഗ്ലീഷ് സംഭാഷണങ്ങൾ ക്ലാസ് മുറികളിൽ പ്രോസാഹിപ്പിക്കുക.

- ശാസ്ത്ര ക്ലാസുകൾ പരീക്ഷണ നിരീക്ഷണ സംമ്പുഷ്ടമായിരിക്കും.

- ജൈവ വൈവിധ്യ ഉദ്യാനം വിവിധ വിഷയങ്ങളുടെ പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു.

- ചരിത്രരചന 'പാദമുദ്രകൾ' സ്വന്തം നാടിന്റെ മഹിമ തിരിച്ചറിഞ്ഞ് അഭിമാനത്തോടെ ജീവിക്കാൻ വിദ്യാർത്ഥികളെ പ്രാപതരാക്കുന്നു.

- സാമൂഹ്യ ശാസ്ത്ര പഠന പ്രവവർത്തനങ്ങൾ, ഭൂമിയുടെ സവിശേഷമായ ഭൂപ്രകൃതി തിരിച്ചറിയാനും ഭൂപട വിവശകലനത്തിലൂടെ ഭൗമാന്തര പ്രേത്യേകതകൾ സ്വായത്തമാക്കാനും വിദ്യാർത്ഥികളെ സഹായിക്കുന്നു.

- 'ഗണിതം : ലളിതം' ഇതിലൂടെ എല്ലാ വിദ്യാർത്ഥികളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നുള്ള ഗണിത തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു.

- സ്ഥാനവില , ഭിന്നസംഖ്യ ഉറപ്പിക്കൽ, പ്രശ്നപരിഹരണം ഇവ ഗണിത വിജയത്തിലൂടെ വിദ്യാർഥികളിലേക്കെത്തുന്നു.

- ഹരിത ക്ലബ് , റെഡ് ക്രോസ്സ് , സ്കൗട്ട് , NSS , SPC , ലിറ്റിൽ കൈറ്റ്സ് , ലൈബ്രറി സംഗമം , കല കായിക പരിശീലനങ്ങൾ ഇവ വിദ്യാർഥികളിലെ അക്കാദമിക മികവിന് അതീതമായി ആരോഗ്യ മാനസിക ഉൾക്കരുത്ത് ഒരുക്കുന്നതിന് സഹായകമാകും വിധം പ്രവർത്തിക്കുന്നു.

- ഇടവേളയിൽ പ്രവർത്തന സജ്ജമായി SPC Unit ന്റെ എഫ്.എം. റേഡിയോ വിദ്യാർത്ഥികളിൽ വിനോദ വിജ്ഞാന ദായകമായി മാറുന്നു.

- കമ്പ്യൂട്ടർ , സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഓരോ ക്ലാസ്മുറികളും മികവിന്റെ പുതിയ മുഖമായി മാറ്റുന്നു.

- ക്ലാസ് മുറിക്ക് പുറത്ത് പ്രത്യേക ദിനാചരണ അസംബ്ലികൾ, ചർച്ചാ വേദികൾ, പ്രഗൽഭരുമായി സംവാദങ്ങൾ, ഫീൽഡ് ട്രിപ്പ് , വിനോദ പഠന യാത്രകൾ നടത്തുന്നത് വിദ്യാർത്ഥികളിൽ ഉണർവിന്റെ പാഠമാകുന്നു.

- സാമൂഹ്യപ്രതിബന്ധത വളർത്തുന്നതിനു സഹായമാകുന്ന വൃദ്ധ അനാഥാലയ സന്ദർശനങ്ങൾ, വീരമൃത്യു വരിച്ച ധീരജവാൻമാരുടെ സ്മൃതി മണ്ഡപങ്ങളിൽ ആദരവർപ്പിക്കൽ, സാമൂഹ്യ പരിഷ്ക്കർത്താക ളുടെ ജയന്തി ആഘോഷങ്ങളുടെ ഭാഗമാകൽ, ഇവയെല്ലാം ആധുനിക വിദ്യാഭ്യാസ ത്തിന്റെ ശരിയായ ലക്ഷ്യത്തിലേക്ക് വി.പി. എസ്. മലങ്കര ഹയർ സെക്കൻഡറി സ്കൂളിന്റെ ഓരോ വിദ്യാർത്ഥികളെയും എത്തിക്കു ന്നതിന് അവരെ പ്രാപ്തരാക്കുന്നു.

## പ്രവർത്തന കലണ്ടർ 2025 – 26

| ക്രമ നമ്പർ | പ്രവർത്തനം | സമയപരിധി | ചുമതല |
|---|---|---|---|
| 1 | SRG യോഗം | June 3 | UP, HS SRG Convention |
| 2 | പരിസ്ഥിതിദിനാചരണം വൃക്ഷത്തൈ / പൂചെടികൾ കൈമാറൽ | June 5 | Science Club |
| 3 | വായനക്കളരി നവീകരണം | June 19 - 26 | Malayalam Club |
| 4 | മധുരം മലയാളം | June | Malayalam Tr. |
| 5 | SRG യോഗം | July 1 | UP , HS |
| 6 | 'Helping Hand' Project Introducing | July to Nov. | Malayalam, English, Hindi, Maths Trs. |
| 7 | Pre – Test UP / HS Level | July | Malayalam, English, Hindi, Maths Trs. |
| 8 | ഡയറിസം | July | Malayalam, English, Trs. |
| 9 | Let's recapitulate the day (English Speaking Programme) | July | English Trs. |
| 10 | ലോക ജനസംഖ്യം ദിനം | July 11 | Social Science Club |
| 11 | ചാന്ദ്രദിനം | July 21,22 | Social Science Club |
| 12 | അക്ഷരമധുരം ബോലോ..... ബോലോ | July | Hindi Trs. |
| 13 | ഭൂപടവായന | July | Social Science Club |
| 14 | FM Radio Break | July | SPC Unit |
| 15 | പഠനയാത്ര (ബൊട്ടാണിക്കൽ ഗാർഡൻസ്) | August | Social Science Club |
| 16 | നിർമിക്കാം... വിശദീകരിക്കാം (ശാസ്ത്ര kit) | August | Social Science Club |
| 17 | അന്വേഷിക്കാം ... പരിഹരിക്കാം (Enquiry ) | August | Maths Trs. |

| | | | |
|---|---|---|---|
| 18 | ഗണിത മുന്നേറ്റം (ഗണിത പഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്നവരെ പരിഗണിക്കൽ) | August | Maths Trs. |
| 19 | എഴുത്തുക്കൂട്ടം | August | Hindi Trs. |
| 20 | ഭൂപ്രകൃതിയിലൂടെ<br>(Field trip) | August | Social Science Trs. |
| 21 | നമുക്കും സംസാരിക്കാം | August | English Club |
| 22 | സ്വാതന്ത്ര്യ ദിനാഘോഷം | August 15 | Social Science Club |
| 23 | Food Fest | August | NCC , SPC, SCOUT |
| 24 | SRG Traget:<br>Post Test 'Helping Hand' | August | |
| 25 | School Perliement | August 16 | |
| 26 | ഓണാഘോഷം | August | PTA / MPTA<br>പ്രവർത്തക സമിതി |
| 27 | അക്ഷരപ്പയറ്റ്<br>(ക്വിസ് പ്രോഗ്രാം) | August | വിദ്യാരംഗം ക്ലബ് |
| 28 | അധ്യാപകദിനം<br>(വിദ്യാർത്ഥകൾ അധ്യപകരാകുന്നു ) | Sept 5 | Social Science Club |
| 29 | ഓസോൺ ദിനം<br>ചർച്ചാ ക്ലാസ് ഓസോൺ സംരക്ഷണ സന്ദേശ റാലി | Sept 16 | Social Science Club<br>SPC , NCC |
| 30 | സാഹിത്യ ശിൽപ്പശാല<br>കയ്യെഴുത്ത് മാസിക പ്രകാശനം | Sept | വിദ്യാരംഗം |
| 31 | അറബിക് മഹോത്സവം<br>ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് | October 2 | Arabic Trs. |

| | | | |
|---|---|---|---|
| 32 | നൈപുണി തൊഴിൽ പരിശീലനം ഏഴാം ക്ലാസ്സ് സോപ്പ് , സോപ്പ് കവർ നിർമ്മാണം | October | Science |
| 33 | നൈപുണി തൊഴിൽ പരിശീലനം ക്രാഫ്റ്റ് , പെൻസ്റ്റാൻഡ് . കൗതുക വസ്തുക്കളുടെ നിർമ്മാണം | Nove. | Art, WE Trs. |
| 34 | ശ്രീനിവാസരാമാനുജൻ ദിനം | Dec 22, 23 | Maths Club |
| 35 | ആരോഗ്യ ക്ലാസ് , പോഷകാഹാരമേള | Dec | Health Club |
| 36 | ദേശിയ ശാസ്ത്ര ദിനം പഠനയാത്ര | Janu | Science Club |
| 37 | SRG | Janu | |
| 38 | അക്ഷരപ്പൂക്കൾ പഠനോത്സവം/ മികവുത്സവം | February | |
| 39 | SRG | March | |

# മലയാളം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായ വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.

2. എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയ വിനമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

3. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷിടിക്കുന്നു.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവുനേടുക.

## പ്രവർത്തനങ്ങൾ

### അർത്ഥപൂർണ്ണമായ വായന (ആശയ ഗ്രഹണ വായന) ഉറപ്പാക്കുക.

1. പത്ര വായനയും വിശകലനവും പ്രതിദിനം ക്ലാസ്സുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക. വർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ച ചെയ്യുക. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരമൊരുക്കുക.

2. ആഴ്ചപ്പതിപ്പുകൾ / മാസികകൾ വായനയും വിശകലനവും : ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലേയും ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക.

3. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ: ആഴ്ചയിലൊരു പുസ്തകം വായിക്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.

4. വായനക്കൂട്ടം : പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക.

5. വായനാവാരാചരണം : പുസ്തക പ്രദശനങ്ങൾ സംഘടിപ്പിക്കുക.

**ആശയവിനിമയശേഷി വികസിപ്പിക്കുക.**

1. പൗരപ്രമുഖരുമായുള്ള സംവാദം: സംവാദത്തിനായുള്ള തയ്യാറെടുപ്പ് നടത്തുക പൗര പ്രമുഖരെ സ്കൂളിലേയ്ക്ക് ക്ഷണിക്കുക. തുടർന്ന് അത് സംബന്ധിച്ച കുറിപ്പ് തയ്യാറാക്കുക.

2. സംവാദ സദസ്സുകൾ : വിവിധ വിഷയങ്ങളിൽ സംവാദ സദസ്സുകൾ സംഘടിപ്പിക്കുക.

3. പ്രസംഗ മത്സരങ്ങൾ, ഉപന്യാസരചന മത്സരങ്ങൾ നടത്തുക.

4. കുട്ടികളുടെ ആകാശവാണി : വിശേഷദിനങ്ങൾ, ദിനാചരണങ്ങൾ എന്നിവയു മായി ബന്ധപ്പെട്ട് പ്രത്യേക പരിപാടികൾ, നാട്ടുവർത്തകൾ, ലോകവർത്തകൾ, കൗതുക വാർത്തകൾ, കായിക വാർത്തകൾ, വിജ്ഞാന വീഥി, പ്രഭാഷണങ്ങൾ, അറിയിപ്പുകൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുക.

5. മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്തുക.

**സാഹിത്യ അഭിരുചി വളർത്തുകയും സർഗ്ഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുകയും ചെയ്യുക.**

1. പതിപ്പുകൾ തയ്യാറാക്കൽ : കുട്ടികളുടെ പതിപ്പുകൾ, ക്ലാസ് പതിപ്പുകൾ എന്നിവ തയ്യാറാക്കുകയും അവയുടെ എഡിററിംഗ് പരിശീലനം നൽകുകയും ചെയ്യുക.

2. കവിതാസ്വാദനം, കഥപറച്ചിൽ, കഥാകഥനം തുടങ്ങിയവ ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്യാമ്പുകൾ ആസൂത്രണം ചെയുക.

3. സർഗ്ഗാത്മക നാടക പ്രവർത്തനങ്ങൾ : പാഠ ഭാഗങ്ങളുടെ ദൃശ്യവിഷ്കാരം, നാടകാവിഷ്കാരം, കവിതാലാപനം, കഥാരൂപത്തിലുള്ള ആവിഷ്കാരം എന്നിവ യ്ക്ക് അവസരം നൽകുക. (തെളിവാനം) എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കെതിരായ നിലപാടെടുക്കുന്നതിലേയ്ക്ക് കുട്ടികളുടെ മനോഭാവം വളർത്താൻകഴിയും.

4. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കുക

5. ബാലസഭാ ശക്തിപ്പെടുത്തുക.

**ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.**

1. മലയാളം കമ്പ്യൂട്ടിങ്, മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുക.

2. മലയാളത്തിലെ സാഹിത്യ കാരന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ ഉൾകൊള്ളുന്ന പോസ്റ്ററുകളിലൂടെ ഓർമ്മ പുതുക്കാൻ പ്രയോജനപ്പെടുത്തുക.

3. കുട്ടികളുടെ ചലച്ചിത്രങ്ങൾ ആസ്വാദനം സംഘടിപ്പിക്കുക.

# ഹിന്ദി

## ലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.

2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ സജ്ജരാകുക.

4. ഹിന്ദി സാഹിത്യം ആസ്വദിക്കുന്നതിന് അവസരമൊരുക്കുക.

5. ഹിന്ദി പഠനത്തിനുള്ള പുതു തന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.

6. സാങ്കേതിക വിദ്യാ സാധ്യതകൾ ഹിന്ദി ഭാഷ വികാസത്തിന് പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. ആത്മ വിശ്വാസത്തോടെ ഹിന്ദിയിൽ ആശയ വിനിമയം നടത്താൻ അവസരമൊരുക്കുക.

2. ഹിന്ദി സംസാരിക്കാൻ അവസരം നൽകുന്നു.

3. ഗോൾ പ്ലേയ്, സ്കിറ്റുകൾ, സംഭാഷണങ്ങൾ എന്നിവ നടത്തുന്നു.

4. ഹിന്ദി സംവാദങ്ങൾക്കും പ്രസംങ്ങൾക്കും അവസരം നൽകുന്നു.

5. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

## ഹിന്ദി എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നു.

1. ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

2. ഹിന്ദിയിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുന്നു.

3. ഹിന്ദി പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. ചിത്ര വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

**ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക.**

1. ഹിന്ദി സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.

2. ഹിന്ദി ഫെസ്റ്റ്, ഹിന്ദി ദിൻ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഹണ്ടി സാഹിത്യ ശില്പശാലകൾ നടത്തുക.

**സാങ്കേതിക വിദ്യയുടെ ഉപയോഗം.**

1. ഹിന്ദി ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

2. ഹിന്ദി ബ്ലോഗ് തയ്യാറാക്കുവാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക

# എച്ച് എസ് ഹിന്ദി

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടിയുടെ നിലവാരം കണ്ടെത്തൽ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകൻ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്തനുമുള്ള ശേഷി വർധിപ്പിക്കൽ, CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകൻ മറ്റു ഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | കണക്കിലെടുത്തുകൊണ്ട് നടത്തവുന്ന പ്രവവർത്തന പാക്കേജ് | | | | |
| 3. | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനം ദിന അവതരണം. | പ്രതി ദിനം | 8,9 | ഹിന്ദി അധ്യാപകൻ | |
| 4. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രേത്യകം പസിലുകൾ, ഐസിടി മുഖാന്തരം പലവർണങ്ങളിൽ ആകർഷകമായി അക്ഷര മാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകൻ | |
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകൻ | |
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകൻ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 9,8 | ഹിന്ദി അധ്യാപകൻ | |
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതി ദിനം | 8,9 | ഹിന്ദി അധ്യാപകൻ | |
| 9. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി , സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകൻ, ക്ലാസ് അധ്യാപകൻ, മറ്റു അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 10. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് അക ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവവർത്തന പാക്കേജുകൾ | 6 മാസം | 8,9, 10 | | ഹിന്ദി അധ്യാപകൻ, ക്ലാസ് അധ്യാപകൻ, മറ്റു അധ്യാപകൻ |

# ENGLISH

## Objectives

1. To make the students convey in English with confidence
2. To give them chances for presentations (skit, recitation, debate etc)
3. To make thers able to read and write individually
4. To develop literary skills such as Story writing, poetky waiting etc.
5. To use IT efficiently is language learning.

## Activities

1. Organises activites to improve speaking skilla
2. Arranges class room activities such as English Theatre, role play, skits etc.
3. Chances to Conduct debates and speech
4. Improve class room activities (with language acquisition create an awareness. Against of drugs)

## Promote English reading and Writing

1. Encourage the students to read, Books, newspaper ond magazines
2. Encourage the students to write poems, short stories etc.
3. Plam to prepare class magazine and articles
4. Arrange Picture reading activities

## Develop Literary apreciation

1. Presentation of English movies
2. Conducting English Day, English test ete.
3. Conducting English workshops

## Use of IT in English classes.

1. Make use of Online applications and Audio visual aids in English classes.
2. To make them able to create recorded Videos in English.

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്തനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ഇതിന് ഉതകും വിധം ആധുനിക സൗകര്യത്തോടെയുള്ള ലാബ് സന്ജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാദ്ധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ (ഉദാഹരണം)

- ഭൗതികശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിവയിൽ ഓരോ ഘട്ട ത്തിലും നിർദ്ദേശിക്കപ്പെട്ട പാഠാൻ ആശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുള്ള പ്രവർത്ത ങ്ങളാണ് തയ്യാറാക്കേണ്ടത്.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്ര ജേർണലുകൾ പരിചയപ്പെടൽ, ശാസ്ത്ര ലാബ്, ലഘു പരീക്ഷണമൂല, ശാസ്ത്രോപകരണ നിർമ്മാണം, ശാസ്ത്രമാഗസിന്റെ ഊർ ജ്ജസംരക്ഷണ പ്രവവർത്തനങ്ങൾ.
- പ്രകൃതി പഠനയാത്രകൾ
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടു ത്തികൊണ്ട് ആചരിക്കൽ.
- കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ.
-

- വിവിധതരം കമ്പോസ്റ്റിങ് സാധ്യതകൾ പരീക്ഷിക്കൽ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.
- പ്ലാസ്റ്റിക്ക് ഉപയോഗം നിറുത്തി സാഹപ്പെടുത്തൽ.
- ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ, ശുചിത്വ ക്യാമ്പസിനായുള്ള വിധ്യാർത്ഥികളുടെ നിയമാവലി തയ്യാറാക്കൽ, അതിനെ പ്രയോജനപ്പെടുത്തൽ.
- ലഹരി വിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ, ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ.
- കൂടാതെ വ്യക്തികളുടെയും സമൂഹത്തിന്റെയും വികാസത്തിനും മുന്നോട്ട് പോക്കിനും എങ്ങിനെ തടസ്സം നിൽക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കൽ തുടങ്ങി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താം.

# ഗണിതശാസ്ത്രം

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.

4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

5. ആധുനിക ശസ്തസാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

6. ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനത്തിനായി ആവിഷ്കരിച്ച 'മഞ്ചാടി പദ്ധതി' നടപ്പാക്കാൻ തെരെഞ്ഞെടുക്കപ്പെട്ട സ്കൂളിൽ അക്കാര്യവും ലക്ഷ്യത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം.

## പ്രവർത്തനങ്ങൾ

- ഗണിതക്ലബ് അവയുടെ നേതൃത്വത്തിൽ നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ
- പ്രൊജെക്ടുകൾ, സെമിനാറുകൾ
- ദിനാചരണങ്ങൾ
- ഐ സി ടി സാധ്യതകൾ ഉപയോഗിക്കൽ
- ഗണിത മാഗസിൻ, ഒറിഗാമി, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്. പ്രവവർത്തനങ്ങളുടെ വിഷാദംശം തയ്യാറാക്കുകയും അവയെ പ്രവവർത്തന കലണ്ടറിലേക്ക് ഉൾച്ചേർക്കുകയും വേണം.
- ഹയർ സെക്കന്ററി വിഭാഗത്തിലെ ഗണിതല്ബിന്റെ പ്രയോജനം എത്ര വിഭാഗങ്ങൾക്കും ലഭ്യമാകേണ്ടതുണ്ട്.

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

1. സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ തന്റെ ഉത്തരവാദിത്വം പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

2. ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക

3. സമൂഹചലനത്തിന്റെ പൊതു സ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക.

4. ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.

5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യം സാധ്യതകൾ സാമൂഹ്യശാസ്ത്രപഠന ത്തിനായി പ്രയോജനപ്പെടുത്തുക.

മേൽ ലക്ഷ്യങ്ങൾ സാധിതമാകുന്നതിനുള്ള പ്രവർത്താന പദ്ധതികളാണ് ഒരുക്കേണ്ടത്. ഇങ്ങനെ ഒരുക്കുമ്പോൾ ഓരോ പ്രായഘട്ടത്തിനും അനുഗുണമായി കരിക്കുലം മുന്നോട്ടുവച്ച പഠനവസ്തുതകൾ കുട്ടികൾ സ്വായത്തമാക്കാൻ സഹായകമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകേണ്ടത്.

## പ്രവർത്തനങ്ങൾ (ഉദാഹരണം)

- സ്കൂൾ ജനാധിപത്യവേദി ശക്തിപെടുത്തൽ, ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രകിയ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പു പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കി മാറ്റൽ
- ലഹരിവിരുദ്ധ പ്രവർത്തനം
- വ്യത്യസ്ത ദിനാചരണങ്ങൾ
- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ചർച്ചകൾ, അഭിമുഖം
- പ്രാദേശികചരിത്രരചന, ചരിത്രവസ്തുതകൾ രേഖപ്പെടുത്തൽ പരിശീലിക്കൽ, ചരിത്രനേഷണയാത്രകൾ
- പഠനയാത്രകൾ, ജനപ്രതിനിധികളുമായുള്ള സംഭാഷണം
- പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ

- അസമത്വം ലിംഗപദവി സാമൂഹികനീതി അധിനിവേശം ബാലവേല പട്ടിണി ചൂഷണം തുടങ്ങിയ സാമൂഹികപ്രശ്നങ്ങള്ള കുറിച്ച് അറിയാനും നിലപാടുകൾ കൈകൊള്ളാനുമുള്ള കഴിവ് ആർജ്ജിക്കൽ
- ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാമൂഹ്യശാസ്ത്രകളുമായി ബന്ധപ്പെട്ട മാസികകൾ തയ്യാറാക്കൽ
- ഇതിനെല്ലാം ഐസിടി സാധ്യതകൾ പ്രയോജന പെടുത്തൽ
- സ്കൂൾ മ്യൂസിയം
- പ്രാദേശികഭൂപടം തയ്യാറാക്കൽ
- പഠനോപാധികളുടെ നിർമ്മാണം
- ക്ലാസ്സ്തല ബാലസഭകൾ തുടങ്ങി ഒട്ടേറെ സാധ്യതകൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ അതത് സ്ഥാപനത്തിന്റെ സാധ്യതകൾ പരിഗണിച്ചാകണം തീരുമാനിക്കേണ്ടത്. എന്നാൽ തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തണം.

# അറബിക് (യു പി)

## നല്ല വായന നല്ല എഴുത്ത്

വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹദ് സംരഭം. അതിനുവേണ്ടി വിദ്യാലയത്തിലെ മുഴുവൻ . വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരക്കുക എന്ന ലക്ഷ്യം നേടുന്ന തിനായി പിന്നാക്കംനിൽക്കുന്നവരെ കൂടി മുഖ്യധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റാനുള്ള നൂതന സംരഭം.

**<u>ഈ വർഷം സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാസ്റ്റർ പ്ലാൻ</u>**

**ലക്ഷ്യങ്ങൾ**

- വായനയുടെ  വിവിധ തലങ്ങൾ പരിചയപ്പെടൽ
- എല്ലാവർക്കും അറബിക് എഴുത്തും വായനയും
- അറബിക്  ലൈബ്രറി
- വായനക്കൂട്ടം എഴുത്തുകൂട്ടം
- നല്ല ആസ്വാദനം
- പാടാനും പറയാനും കഴിയുന്ന പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കാൻ രണ്ടാഴ്ച യിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു .
- ഐ സി ടി ഉപയോഗിച്ച് മികച്ച  പത്തു  കഥ / വീഡിയോ കാണിക്കുക . ഉദാ : ഖുർ ആൻ , ഹദീസ് കഥകൾ ,ഗുണപാഠകഥകൾ , ആലിബാബ യുടെ കഥ , മുല്ല നസ്റുദ്ധിൻ കഥ , പാട്ടുകൾ മുതലായവ.

**മത്സരങ്ങൾ**

- എല്ലാവരും വിജയി എന്ന നിലയിൽ എത്തുന്നതിനു വ്യത്യസ്ത കാറ്റഗറി കൾ മത്സരങ്ങൾ നടത്തുക
- പദനിർമ്മാണം, ആംഗ്യപ്പാട്ട്
- ഖുർ ആൻ പാരായണം , അറബി ഗാനം , കവിതാ പൂരണം
- പദപ്പയറ്റ്,
- കളറിംഗ്,

- അറബിക് പദ്യം, പദപ്രശ്നം, കൈയ്യക്ഷരം,
- കൂടുതൽ ബുക്ക് വായിച്ച കുട്ടിക്ക് സമ്മാനം നൽകൽ

**അറബിക് തിളക്കം : പിന്നാക്കക്കാരെ കണ്ടെത്തി അക്ഷരം ഉറപ്പിക്കുന്നു**

- ചിത്രങ്ങളിലൂടെ അറബിക് അക്ഷരങ്ങൾ ഉറപ്പിക്കുന്നു
- അറബിക് അക്ഷരകാർഡ് പദകാർഡ് നൽകി വായിപ്പിക്കുന്നു
- അടയാളങ്ങൾ ഉറപ്പിക്കുന്നു
- ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തുന്നു
- എഴുത്ത്
- അറബിക് ചുവർ പത്രിക
- അടിക്കുറിപ്പ് തയാറാക്കൽ
- ചിത്രസഹായത്തൽ ചിഹ്നങ്ങൾ അടയാളങ്ങൾ എന്നിവ എഴുതി ഉറപ്പാക്കൽ
- അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ
- കഥാപുരണം
- കവിതാപുരണം
- ചിത്രങ്ങൾ അടങ്ങിയ സി ഡി നൽകി ഓരോ വാക്കും പറയിപ്പിക്കുകയും എഴുതിക്കുകയും ചെയ്യൽ
- സ്കൂൾ വാർഷികം
- സ്കൂൾ വാർഷികത്തിൽ അറബിക് സിംഗിൾ /ഗ്രൂപ്പ് ഡാൻസ്, നാടകം, ഗാനം എന്നിവ ഉൾപ്പെട്ട പത്ത് ഇനങ്ങൾ നൽകുന്നു.

| നമ്പർ | പ്രവർത്തന ഘട്ടങ്ങൾ | സമയം / കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1. | അറബിക് തിളക്കം: പ്രീടെസ്റ്റ് നടത്തുന്നു പിന്നാക്കക്കാരെ കണ്ടെത്തുന്നു.അക്ഷരം ഉറപ്പിക്കൽചിത്രങ്ങളുടെ സഹായത്തോടെ അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കൽ അക്ഷര കാർഡ്പദകാർഡ് അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ, ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകൽ കഥാപൂരണം കഥാപുസ്തകം നൽകി വായനാ | 4 മാസം | അറബിക് ടീച്ചർ |

| | | | |
|---|---|---|---|
| | ക്കുറിപ്പ് തയ്യാറാക്കൽ. ക്ലാസ്സ് വായനാക്കൂട്ടം, ക്ലാസ്സ് ലൈബ്രറി രൂപീകരണം, സ്കൂൾ ലൈബ്രറി നവീകരണം.<br>4 മാസം | | |
| 2. | ജൂൺ 5<br>പരിസ്ഥിതി ദിനം, പോസ്റ്റർ ഉപന്യാസ രചന വായനാദിനം,ക്വിസ്, വായനാമൽസരം, ജീവ ചരിത്രക്കുറിപ്പ്, എസ് ആർ ജി ചർച്ച<br>വിലയിരുത്തൽ<br>ഭിന്ന ശേഷിക്കാർക്കായി പ്രത്യേക പ്രവർത്തനം റ്റി ഇ ഡി അദ്ധ്യാപികയുടെ സേവനം കുട്ടിക്കഥാ പുസ്തകങ്ങൾ ഉപയോഗപ്പെടുത്തൽ<br>വായനോൽസവം സംഘടിപ്പിക്കൽ<br>ക്ലാസ്സിലെ പത്രവായന പുസ്തകചർച്ച വായനാനുഭവം പങ്കു വയ്ക്കൽ<br>വായനാക്കുറിപ്പിലേക്ക് | 1 മാസം | |
| 3. | സാഹിത്യകാരന്മാരുമായി അഭിമുഖം - ചോദ്യാവലി - സംഭാഷണംറിപ്പോർട്ട് ആനുകാലികങ്ങളുടെ വായന | 1 മാസം | അറബിക് ടീച്ചർ |
| 4. | സ്വതന്ത്ര്യ ദിനം<br>അറബിക് ബാലസഭ<br>സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അസംബ്ലിയിൽ അറബിക് പ്രസംഗത്തിന്<br>അവസരംസ്വാതന്ത്ര്യസമര സേനാനികളേയും വിവിധതരം സത്യാഗ്രഹങ്ങളേയും കുറിച്ച് വിവരണം<br>തയ്യാറാക്കൽ ആൽബം തയ്യാറാക്കൽ<br>പോസ്റ്റർ രചന<br>സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കുവേണ്ടിയുള്ള നോട്ടീസ് തയ്യാറാക്കൽ<br>എസ് ആർ ജി ചർച്ച<br>അവലോകനം | ആഴ്ചയിൽ ഒന്ന് | |

| | | | |
|---|---|---|---|
| 5. | ദിനാചരണങ്ങൾക്വിസ്, ഉപന്യാസം, പോസ്റ്റർ, പ്രഭാഷണം, പിന്നാക്കാവസ്ഥക്കാർക്ക് പ്ലക്കാർഡ് നിർമ്മാണം<br>ഇൻലാൻഡ് മാഗസീൻചുവർപത്രിക പതിപ്പ്. കുട്ടിപ്പുസ്തക നിർമ്മാണം, ആസ്വാദനക്കുറിപ്പ്, ഭാഷാ പ്രോജക്ട് രചയിതാക്കളെ പരിചയപ്പെടൽ രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ , പരിചയപ്പെടുത്തൽ, കുറിപ്പുകൾ, പതിപ്പു നിർമ്മാണം, പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനന മരണ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി സർഗ്ഗ ശേഷി വികസിപ്പിക്കുന്നതിനായി രചനാമൽസരങ്ങൾ | 1 മാസം | അറബിക് ടീച്ചർ |

**ഉപസംഹാരം:**

ലോക ഭാഷയിൽ മൂന്നാം സ്ഥാനത്തുനിൽക്കുന്നു അറബിക് ഭാഷ. പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് താഴ്ന്ന തലത്തിൽത്തന്നെ ഒരുക്കിക്കൊടുക്കുക.കരിക്കുലം ലക്ഷ്യത്തെ വയ്ക്കുന്ന, റബി ഭാഷ' പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക, വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വാർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. സർഗ്ഗകഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക.

# അടിസ്ഥാനശാസ്ത്രം

## പ്രവർത്തനം - പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം

**ലക്ഷ്യങ്ങൾ**

- പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ കഴിയുന്നു
- പരീക്ഷണ ഉപകരണങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുന്നു.
- പരീക്ഷണക്കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നു.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | * ഒരു പരീക്ഷണം അവതരിപ്പിക്കുന്നു<br>* പരീക്ഷണത്തിന്റെ ആസൂത്രണം എഴുതുന്നു<br>* ആസൂത്രണത്തിൽ ഉൾപ്പെടുത്തേണ്ടവ തിരിച്ചറിയുന്നു<br>* സാമഗ്രികൾ<br>* പരീക്ഷണം ചെയ്യുന്ന വിധം<br>* നീരീക്ഷണ ഫോർമാറ്റ്<br>* നിയന്ത്രിക്കേണ്ട ചരങ്ങൾ<br>* ഒരു പ്രശ്നം അവതരിപ്പിക്കുന്നു<br>* പരീക്ഷണത്തിന്റെ ആസൂത്രണം വ്യക്തിഗതമായി തയ്യാറാക്കുന്നു<br>* ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു | ജൂലൈ - ഡിസംബർ | പരീക്ഷണ സാമഗ്രഹികൾ | ശാസ്ത്രാധ്യാപിക | എസ്. ആർ. ജി.<br>ബി ആർ സി | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | * സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണം പൂർത്തിയാക്കുന്നു. നിരീക്ഷണം, നിഗമനം എന്നിവ രേഖപ്പെടുത്തുന്നു.<br><br>* നിഗമനങ്ങൾ അവതരിപ്പിക്കുന്നു. കൃത്യതപ്പെടുത്തുന്നു<br><br>* പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br><br>* ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു<br><br>* അവതരണം<br><br>* പരീക്ഷണക്കുറിപ്പിൽ ഉൾപ്പെടുത്തേണ്ടവ തിരിച്ചറിയുന്നു.<br><br>* കുട്ടികൾ വീട്ടിൽ ജൈവവൈവിധ്യ ഉദ്യാനം നിർമിക്കുന്നു. | | | | | |

## പ്രവർത്തനം - നിർമിക്കാം ... വിശദീകരിക്കാം

**ലക്ഷ്യങ്ങൾ**

- വിവിധ ശാസ്ത്രോപകരണങ്ങൾ നിർമിക്കാൻ കഴിയുന്നു
- നിർമിച്ച ഉപകരണങ്ങളുടെ പ്രവർത്തനവും പ്രവർത്തന തത്വവും വിശദീകരിക്കാൻ കഴിയുന്നു
- പുതിയ ശാസ്ത്രോപകരണങ്ങൾ നിർമിക്കാനുള്ള മനോഭാവം ഉണ്ടാകുന്നു

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| നിർമിക്കാം ... വിശദീകരിക്കാം | * ഡ്യുവോസ്കോപ്പ് പ്രദർശിപ്പിക്കുന്നു<br>* നിർമാണ രീതിയും പ്രവർത്തന തത്വവും കുറിക്കുന്നു<br>* നിർമാണരീതിയും പ്രവർത്തന തത്വവും തിരിച്ചറിയുന്നു<br>* സാമഗ്രികൾ ഉപയോഗിച്ച് ഡ്യുവോസ്കോപ്പ് നിർമിക്കുന്നു പ്രവർത്തനം വിശദീകരിക്കുന്നു<br>* ഇതേ രീതിയിൽ പാഠഭാഗങ്ങളിലെ ശാസ്ത്രോപകരണങ്ങൾ നിർമിക്കുന്നു. പ്രവർത്തനരീതിയും പ്രവർത്തന തത്വവും വിശദീകരിക്കുന്നു<br>* ഉപകരണ പ്രദർശനം | ജൂലൈ - ഫെബ്രുവരി | നിർമാണ സമഗ്രഹികൾ | ശാസ്ത്രാധ്യാപിക | എസ്. ആർ. ജി.<br>ബി ആർ സി | 5000 |

## പ്രവർത്തനം - അന്വേഷിക്കാം ... പരിഹരിക്കാം

**ലക്ഷ്യങ്ങൾ**

- ഒരു പ്രശ്നം കൃത്യതയോടെ വിശകലനം ചെയ്ത് പരിഹരിക്കാൻ കഴിയുന്നു.
- പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുന്നു
- പ്രോജക്ട് അവതരിപ്പിക്കാൻ കഴിയുന്നു

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| അന്വേഷിക്കാം ... പരിഹരിക്കാം | * ഒരു പ്രശ്നം അവതരിപ്പിക്കുന്നു.<br>* പരികല്പന എഴുതുന്നു , അവതരിപ്പിക്കുന്നു.<br>* പരികല്പനയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു<br>* ലളിതവും സ്പഷ്ടവും ആയിരിക്കണം.<br>* ശരിയാണോ എന്ന് പരീക്ഷിക്കാൻ കഴിയുന്ന ഒന്നായിരിക്കണം.<br>* അളവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ സാധിക്കണം.<br>* നിലനില്കുന്ന അറിവുമായി അതിന് ബന്ധമുണ്ടായിരി ക്കണം.<br>* ഒരു പരികല്പന സ്വീകരിക്കപ്പെടാനോ തള്ളിക്ക | ജൂലൈ – ഫെബ്രുവരി | നിർമാണ സമഗ്രഹികൾ | ശാസ്ത്രാധ്യാപിക | എസ്. ആർ. ജി.<br>ബി ആർ സി | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | ഉയാനോളള്ള സാധ്യത തുല്യമായിരിക്കണം<br><br>* ആസൂത്രണം ഗ്രൂപ്പിൽ<br><br>* ആസൂത്രണത്തിലെ ഘടകങ്ങൾ തിരിച്ചറിയുന്നു<br><br>* എന്തെല്ലാം വിവരങ്ങൾ<br><br>* എവിടെ നിന്നെല്ലാം<br>* വിവരശേഖരണ രീതി<br><br>* രേഖപ്പെടുത്ത ൽ എങ്ങനെ<br><br>* വിവരശേഖരണ ഫോർമാറ്റുകൾ<br>* സമയ പരിധി<br><br>* വിവരങ്ങൾ ശേഖരിക്കുന്നു<br><br>* വിവരങ്ങളെ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു തയ്യാറാക്കുന്നു<br><br>* റിപ്പോർട്ടിന്റെ ഘടന തിരിച്ചറിയുന്നു<br><br>*ശീർഷകം (തലക്കെട്ട്)<br>* ഗൈഡിന്റെ സാക്ഷ്യപത്രം<br>* സംഗ്രഹം<br>* ആമുഖം<br>* ഉദ്ദേശ്യങ്ങൾ<br>* പരികല്പന<br>* പഠനരീതി | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | * ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണം<br>* അപഗ്രഥനം<br>* നിഗമനങ്ങൾ<br>* ഉപസംഹാരം<br>* അവലംബം<br>* അനുബന്ധം<br>* നന്ദി<br><br>* റിപ്പോർട്ട് അവതരിപ്പിക്കുന്നു<br>* ഇതേ രീതിയിൽ പാഠഭാഗങ്ങളിലെ പ്രോജക്ടുകൾ പൂർത്തിയാക്കുന്നു<br><br>* മികച്ച പ്രോജക്ടുകൾ പതിപ്പാക്കുന്നു<br><br>* സയൻസ് (വാർ ഷിക പ്രോജക്ട് അവതരണം) | | | | | |

## പ്രവർത്തനം - പഠിക്കാം ... മുന്നേറാം
**ലക്ഷ്യങ്ങൾ**

- പാഠഭാഗങ്ങളിലെ കഠിനമേഖലകൾ ഉറപ്പിക്കുക
- പ്രക്രിയാശേഷികൾ, ശാസ്ത്രീയ മൂല്യങ്ങൾ, മനോഭാവം എന്നിവ വളർത്തുക

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടന ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| പഠിക്കാം ... മുന്നേറാം | * ചിത്രം പ്രദർശിപ്പിക്കുന്നു<br>* ചിത്രത്തിലെ പ്രതിഭാസം തിരിച്ചറിയുന്നു<br>* പ്രകാശസംശ്ലേഷണത്തിനാവശ്യമായസ്വയം പരിചയപ്പെടുത്തുന്നു.<br>*പ്രകാശസംശ്ലേഷണ ഘടകങ്ങൾ തിരിച്ചറിയുന്നു, രേഖപ്പെടുത്തുന്നു<br>* പ്രകാശസംശ്ലേഷണ വീഡിയോ പ്രദർശിപ്പിക്കുന്നു<br>* പ്രകാശസംശ്ലേഷണം കുറിപ്പ് തയ്യാറാക്കുന്നു<br>* ചെടികളിലെ ഇലകൾ നിരീക്ഷിച്ച് ക്രമീകരണത്തിലെ വ്യത്യാസം തിരിച്ചറിയുന്നു, പട്ടികപ്പെടുത്തുന്നു<br>* ഏകാന്തര വിന്യാസം, എതിർ വിന്യാ | ജൂലൈ - ഫെബ്രുവരി | വീഡിയോ വർക്ക് ഷീറ്റ് | ശാസ്ത്രാധ്യാപിക | എസ്. ആർ. ജി.<br>ബി ആർ സി | |

| | | | | | | |
|---|---|---|---|---|---|---|
| | സം സർപ്പിള വിന്യാസം എന്നിവ തിരിച്ചറിയുന്നു, രേഖപ്പെടുത്തുന്നു<br><br>* ഇലകളുടെ ക്രമീകരണത്തിന്റെഅടിസ്ഥാനത്തിൽ ആൽബം തയ്യാറാക്കുന്നു<br><br>* ഇതേ രീതിയിൽ പാഠഭാഗങ്ങളിലെ കഠിന മേഖലകൾഉറപ്പിക്കുന്നു | | | | | |

# കലാവിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കാലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടെയുമ് സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഇതിനാവശ്യമായ കെത്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക.

6. ആദിവാസി മേഖലകളിലടക്കം വ്യത്യസ്ത പ്രദേശങ്ങളിൽ അവരുടെ തനതു കലകളെ പ്രോസ്സഹിപ്പിക്കുന്ന പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുക. സംരക്ഷിക്കുകയും ചെയ്യുക. തുടങ്ങിയ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം. പെൺകുട്ടികൾക്ക് തുല്യ അവസരം ഉറപ്പാക്കണം.

കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കുന്നതിനായും അവർക്ക് പല കാരണങ്ങളാൽ ഉണ്ടാകാൻ ഇടയുള്ള സമ്മർദ്ദം, ആകാംഷ, പിരിമുറുക്കം എന്നിവയിൽ നിന്ന് മോചിതമാകുന്നതിനും സഹായിക്കുന്ന കായിക പ്രവർത്തനങ്ങൾ ഉണ്ടാകണം. സുംബ ഡാൻസ് ഒരു ഉദാഹരണം.

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

- തൊഴിൽ മനോഭാവം തൊഴിൽ ആദിമുഖ്യം തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ്, തൊഴിൽ നൈപുണി നിർമ്മാണാത്മക കഴിവ് എന്നിവ വികസിക്കുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വ്യത്യസ്തത മേഖലകളായ കൃഷി, ഭക്ഷ്യവ്യവസായം, പാഴ്വസ്തു പരിപാലനം, മാധ്യമങ്ങളും വിനോദവും, ടൂറിസം സാമ്പത്തിക സാക്ഷരത, ഫാഷൻ ഇൻ പാഷൻ, പാർപ്പിടം, പ്ലംബിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് (പ്രിന്റിങ്, സ്റ്റേഷനറി കരകൗശല വസ്തു നിർമ്മാണം, എംബ്രോയിഡറി ക്ലേ മോഡലിങ്, പെയിന്റിങ് എന്നിവയെ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചു കൊണ്ട് പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുക.

- ഒമ്പതാം തരത്തിലെയും പത്താം തരത്തിലെയും 'സ്വയം ഒരുങ്ങാം' എന്ന മൃദു നൈപുണി വികാസ് പ്രവർത്തന പുസ്തകങ്ങളുടെ ഉപയോഗത്തിലൂടെ പഠിതാക്കളെ സ്വയം അവബോധമുള്ളവരാക്കി തീർക്കുക.
- പഠിതാക്കളുടെ നൈപുണ്യവികാസം വിലതീർത്തുകയും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- വിവിധ മൃദു നൈപുണികളുടെയും തൊഴിൽ നൈപുണികളുടെയും വികാസത്തിലൂടെ പഠിതാക്കളിൽ വൈകാരിക സുസ്ഥിതി ഉറപ്പാക്കുക.
- ഐ സി ടി പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്തുള്ള നവസാധ്യതകൾ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് വിനിമയം ചെയ്യാനുള്ള നൈപുണി അധ്യാപകരിൽ വികസിപ്പിക്കുക.
- പ്രാദേശിക വിഭവ സാധ്യത പ്രയോജനപ്പെടുത്തി മേൽ സൂചിപ്പിച്ച മൃദു നൈപുണികൾ തൊഴിൽ നൈപുണികളും വികസിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പന്ത്രണ്ടാം തരാം കഴിഞ്ഞു പോകുന്ന കുട്ടി ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നേടി വിടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

# ആരോഗ്യ -കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

2. ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ വളർത്തുക.

3. ആരോഗ്യ, കായിക വിദ്യാഭ്യാസത്തിന് പ്രാദേശിക ലിംഗ - വർഗ്ഗ ഭേദമന്യേ എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക.

4. ക്യാമ്പസിനെ മാലിന്യമുക്തിമാക്കൽ, ഹരിതാഭമാക്കൽ തുടർത്തിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.

5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

ധാരാളം പ്രവർത്തന സാധ്യതയുള്ള ഒരു മേഖലയാണിത്. കുട്ടികൾക്ക് ആവശ്യമുള്ള വ്യായാമം ഉറപ്പാക്കാൻ കഴിയണം. പൊതു പരിശീലന പരിപാടിയിൽ എല്ലാവർക്കും പങ്കാളിത്തം ലഭിക്കും വിധം ക്രമീകരണങ്ങൾ നടത്തണം. ഫുട്ബോൾ, വോളിബോൾ തുടങ്ങി കുട്ടികൾക്ക് താല്പര്യമുള്ള ഗെയിംസ് ഇനങ്ങളിൽ ഉള്ള കഴിവുകൾ പരമാവധി വികസിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കണം. കായിക മത്സരങ്ങൾ ഒരു നിശ്ചിത ഇടവേളയിൽ ഉണ്ടാകുന്നത് അഭികാമ്യമാണ്. എയ്റോബിക്സ് പരിശീലനം, ആരോഗ്യബോധവൽക്കരണ പരിപാടികൾ, ചടുല ചലനങ്ങളുള്ള കലാരൂപങ്ങളുടെ പരിശീലനം, സൈക്ക്ളിംഗ് പരിശീലനം, ഓരോ നാട്ടിലെയും തനത് കായികരൂപങ്ങളെയും പരിചയപ്പെടുത്തുകയും.

# ഭിന്നശേഷി വിദ്യാർത്ഥികൾക്കായി

# ഉൾച്ചേർക്കൽ വിദ്യാഭ്യാസം

## I. ക്ലാസ്സ്റൂം സപ്പോർട്ട്

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് കൂടെ അനുഗുണമായ രീതിയിൽ അധ്യാപകൻ ക്ലാസ്സുകളൊരുക്കുന്നു.

**ഉള്ളടക്കപരമായ അനുരൂപീകരണം**

പഠിപ്പിക്കുന്ന വിഷയം കുട്ടിക്കനുയോജ്യമായ രീതിയിൽ ലളിതമായി അവതരിപ്പിക്കുക

**ലക്ഷ്യം**

പഠനലക്ഷ്യങ്ങൾ മാറ്റം വരാതെ തന്നെ പാഠഭാഗങ്ങൾ ലളിതമായി അവതരിപ്പിക്കുക.

- **പഠനപ്രക്രിയകളുടെ അനുരൂപീകരണം**

കുട്ടികളുടെ പ്രത്യേകതകൾക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ മാറ്റങ്ങൾ വരുത്തുക.

**ലക്ഷ്യം**

ഒരേ ആശയം കുട്ടികൾക്ക് വിവിധ രീതികളിൽ പഠിക്കുന്നതിനുള്ള സന്ദർഭങ്ങളൊരുക്കുക.

- **പഠനോപകാരണങ്ങളുടെ അനുരൂപീകരണം**

ഓരോ കുട്ടിയ്ക്കും അനുയോജ്യമായ പഠനസാമഗ്രികൾ ക്ലാസ് മുറികളിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പിക്കുക.

○ <u>വിലയിരുത്തൽ രീതികളിൽ അനുരൂപീകരണം</u>

കുട്ടി എന്ത് നേടിയെന്നറിയുന്നതിന്, നേടിയ അറിവ് പ്രകടിപ്പിക്കുവാനുള്ള കുട്ടിയുടെ കഴിവുകൾ തിരിച്ചറിഞ്ഞ് വിലയിരുത്തൽ രീതിയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുക. പ്രൊജക്ടർ, കംപ്യൂട്ടർ, ഓഡിയോ സിസ്റ്റം തുടങ്ങിയ ഐ സി ടി സാധ്യതകൾ ഉപയോഗിക്കുക.

## II. വിവിധ ദിനാചരണങ്ങൾ

ഈ വർഷത്തെ വിവിധ ദിനാചരണങ്ങളിൽ ഭിന്നശേഷി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

## III. Inclusive Sports (ഇൻക്ലൂസീവ് സ്പോർട്സ്)

സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ ഭിന്നശേഷി കുട്ടികളെ പങ്കെടുപ്പിക്കുന്ന തിനായി പ്രാപ്തരാക്കുവാൻ പരിശീലനങ്ങൾ ആരംഭിച്ചു.

## IV. ബഡ്ഡീസ്

ഓരോ ഭിന്നശേഷികുട്ടികളെയും സഹായിക്കുന്നതിനായി അതാത് ക്ലാസ്സു കളിൽ നിന്നും 3 കുട്ടികളെ നിയോഗിച്ചു.

ഒരുമിച്ച് വായന, ഇടവേള സമയത്ത് ഒരുമിച്ച് നടന്ന സംസാരിക്കുക, ഒരു മിച്ച് ഭക്ഷണം കഴിക്കുക. ഒരുമിച്ച് കളികളിലേർപ്പെടുക.

## V. അധിക പിന്തുണ

സ്കൂളിൽ നിന്നും ലഭിക്കുന്ന പ്രത്യേക പരിശീലനത്തിനു പുറമെ, ശനി യാഴ്ച ദിവസങ്ങളിൽ വിഴിഞ്ഞം സ്പെഷ്യൽ കെയർ സെന്ററിൽ നിന്നും പരിശീലനം നൽകുന്നു.

B R C (ബി.ആർ.സി) ൽ നിന്നും ഓട്ടിസം തെറാപ്പി, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ ലഭ്യമാക്കുന്നു.

# Innovative Programmes        മികവുകൾ

## അക്ഷരച്ചെപ്പ്

- ഭാഷാപഠനത്തിൽ യു പി തലത്തിലെ വിദ്യാർത്ഥികളെ സ്വയം പര്യാപ്തയിലെത്തിക്കുക.
- ക്ലാസ്മുറികളിലെ കൂട്ടുകാർക്കൊപ്പം വായനയിലൂടെയും ' അക്ഷരകേളി ' യിലൂടെയും വാക്കുകളും ആശയങ്ങളും ഉറപ്പിക്കുന്നു.

## പൂക്കാലം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ പരസ്പരം കൈമാറിയ പൂച്ചെടികൾ വളർന്ന് അവരവരുടെ വീട്ടുമുറ്റത്ത് പൂവിട്ടു നിൽക്കുന്ന ഫോട്ടോസ്, ക്ലാസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്നു.

## ശാസ്ത്രവിസ്മയങ്ങൾ വിരൽത്തുമ്പിൽ

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനുവേണ്ടി ശാസ്ത്രകിറ്റുകൾ ക്ലാസ് മുറികളിൽ സജ്ജമാക്കി പ്രവവർത്തനങ്ങൾ ജൂലൈ , ആഗസ്റ്റ് മാസങ്ങളിൽ തുടരുന്നു.

## പരിസരം നമ്മുടെ മുഖമുദ്ര

ഈ പ്രവർത്തനത്തിലൂടെ ക്ലാസ്മുറികളും സ്കൂൾ പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കി മാറ്റുന്നു. ഭക്ഷണം സ്റ്റീൽ പത്രങ്ങളിൽ മാത്രം കൊണ്ടു വരുന്നു. സ്കൂൾ പ്രകൃതി സൗഹാർദമാക്കി മാറ്റുന്നു.

## റേഡിയോ എഫ് എം

ഇടവേളകൾ ആനന്ദവും വിജ്ഞാനവും പകർന്ന് ആസ്വാദ്യകരമാക്കാൻ സ്കൂളിൽ എസ് പി സി യുടെ നേതൃത്വത്തിൽ കുട്ടികൾ റേഡിയോ ജോക്കികളായി എഫ്. എം. പ്രവർത്തിക്കുന്നു.

## പ്രകൃതിയിലൂടെ

പഠനയാത്രകൾ ശാസ്ത്ര ജൈവ വൈവിധ്യം , ചരിത്ര ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ നേരനുഭവമാക്കാൻ ഞങ്ങളുടെ പഠനയാത്രകൾ സജ്ജമാണ്.

## കരവിരുത്

സെപ്റ്റംബർ മാസത്തിലൂടെ കുരുന്നുകൾക്ക് കരകൗശല വസ്തു നിർമ്മാണം , കൈത്തൊഴിലുകളുടെ പരിശീലനം , കായികാരോഗ്യ സംരക്ഷണ ത്തിനായി കരാട്ടെ പരിശീലനം ഇവ അധ്യാപകരുടെയും പരിശീലകരുടെയും സഹായത്തോടെ നടത്തുന്നു.

## താങ്ങായ് തണലായ്

വിദ്യാലയത്തിനകത്തും പുറത്തും താങ്ങായ് വിദ്ധാർത്ഥികൂട്ടമെത്തുന്നു. രോഗികളായി ആശ്രയമാവശ്യമുള്ളവരെ കണ്ടെത്തി ചികിത്സാ സഹായവും എത്തിക്കുന്നു. ഭക്ഷണവും എത്തിക്കുന്നു. അനാഥാലയങ്ങളും വൃദ്ധസദനങ്ങളും സന്ദർശിക്കുന്നു. അവരോടൊപ്പം സമയം ചെലവഴിക്കുന്നു. ഇത്തരം സന്ദർശന ങ്ങൾ താങ്ങായും തണലായും നാം മാറേണ്ടതിന്റെ ആവശ്യകത കുരുന്ന് മനസു കളിൽ കൂടുകൂട്ടുന്നു. NSS, NCC, SPC നേതൃത്വം നൽകുന്നു.

## സ്വപ്ന ഭവനം

സ്കൂൾ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ അർഹനായ ഒരു വിദ്യാർത്ഥിക്ക് സ്വന്തം ഭവനമെന്ന സ്വപ്ന  സാക്ഷത്കാരം നടത്താൻ പ്രവവർ ത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

## ഞങ്ങൾ കാവൽക്കാർ

പ്രകൃതിക്ഷോഭങ്ങളുടെ ഈ കാലഘട്ടത്തിൽ പ്രകൃതിയെ സംരക്ഷി ക്കേണ്ടത് ഓരോ വിദ്യാര്ഥിയുടെയും കടമയാണന്ന തിരിച്ചറിവിൽ സ്കൂൾ എൻ സി സി ടീം 'ഒരാൾക്ക് ഒരു തൈ , ഒരു മരം ഒരേ ഭൂമി ' എന്ന ലക്ഷ്യത്തി ലൂടെ സ്വതന്ത്ര ദിനത്തിൽ വൃക്ഷത്തൈകൾ അവരവരുടെ ഭവനങ്ങളിൽ നേടുകയും ഫോട്ടോ സ്കൂൾ ഗ്രൂപ്പിൽ ഷെയർ ചെയുകയും ചെയ്തു.

# ICT സാധ്യതകൾ പ്രയോജനപെടുത്താൽ

## ലക്ഷ്യങ്ങൾ

1. പഠനബോധനപ്രക്രിയയിലും അറിച്ചു നിർമ്മാണപ്രക്രിയയിലും കംപ്യൂട്ടർ ഉൾച്ചേർത്തുള്ള വിചരസങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

2. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതതാവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.

3. നിർമ്മിതബുദ്ധി, റോബോട്ടിക്ക് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.

4. സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴികളിൽ അകപ്പെടാതെ എന്തെന്ത് കരുതലുകൾ വേണം എന്ന തിരിച്ചറിവ് വികസിപ്പിക്കുക.

5. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കംപ്യൂട്ടർ അടക്കമുള്ള വിവര സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.

6. ഓരോ കുട്ടിക്കും ആധുനിക വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അസിസ്റ്റിയവ ടെക്നോളജി ഉറപ്പാക്കുകയും അതിൽ കുട്ടികൾക്കും രക്ഷാകർത്തകൾക്കും പരിശീലനം നല്കുകയും ചെയ്യുക.

## പ്രവവർത്തങ്ങൾ (ഉദാഹരണം)

- കുട്ടികൾക്കും ടീച്ചർക്കും (ടൈപ്പിംഗ്, ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമ്മാണം തുടങ്ങിയവ) കംപ്യൂട്ടർ നൈപുണി വികസിപ്പിക്കുക.ന
- പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കുക.
- സോഷ്യൽ മീഡിയ, അനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുക.
- ഇതിനായുള്ള പ്രവർത്തനപദ്ധതികൾ വികസിപ്പിക്കുക.
- ഓരോ വിഷയമേഖലകളിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്തനുള്ള അന്വേഷണചിന്ത.
- ഈ സങ്കേതത്തെ വിവേകപൂർണ്ണമായി പ്രയോജനപ്പെടുത്തമെന്ന തിരിച്ചറിവ് എന്നിവ വികസിപ്പിക്കുക.

# ഉപസംഹാരം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കുന്ന വിധത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും നടപ്പിലാക്കി ഓരോ കുട്ടിയേയും മികവിലേക്കുയർത്താൻ ഈ 'അക്കാദമിക് വിഷൻ 2025-26 ലൂടെ അധ്യാപകർക്ക് കഴിയുന്നു.

*****************************